## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5957.** **07.07.2014-ലെ മറുപടിക്ക്**

## കാർഷികോൽപ്പന്ന വിപണന സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. കെ.പി. മോഹനൻ<br><br>കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി |
| **(എ)** സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്ന വിപണന സൗകര്യം ഏർപ്പെടുത്തുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | **(ബി)** സംസ്ഥാനത്തെ കർഷകരുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും, ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവായി, ന്യായമായ വില അവരുടെ ഉല്പന്നങ്ങൾക്ക് ലഭിക്കുന്നതിന് 6 കാർഷിക മൊത്തവ്യാപാര വിപണികളും, 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. ഈ വിപണികളിൽ സമീപ പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി അവരുടെ ഉല്പന്നങ്ങൾ നേരിട്ട് ലേലം നടത്തി വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പ് ലേലത്തിൽ പങ്കെടുക്കുന്നതിനാൽ കച്ചവടക്കാർ ഒത്തുചേർന്ന് വില താഴ്ത്തുവാനുള്ള സാദ്ധ്യതകൾ ഒഴിവാക്കാൻ സഹായിക്കും. ഈ വിപണികളിലും സംഭരണ വിപണന കേന്ദ്രങ്ങളിലും കാർഷിക ഉല്പന്നങ്ങൾ എത്തിക്കുന്ന കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും പ്രോൽസാഹനമായി നൽകുന്നുണ്ട്.<br><br>ഇതിനു പുറമേ നെല്ല് സംഭരണം, പച്ചത്തേങ്ങാ സംഭരണം, റബ്ബർ സംഭരണം എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. |

(................2)

**(സി)** കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില യും, സംഭരണ വിപണന സൗകര്യവും ഏർപ്പെടുത്തു ന്നതിന് എന്തെല്ലാം പരിപാടി കളാണ് പരിഗണനയിലുള്ളത് ?

**(സി)** 2014-15 വർഷത്തിൽ മാർക്കറ്റ് വികസന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലേലം നടത്തുന്നതിനുള്ള ചെലവുകൾക്കും കർഷകർക്ക് ഉല്പന്നങ്ങൾ കൊണ്ടുവരുന്നതിനുള്ള ട്രാൻസ്പോർട്ട് സബ്സിഡിയും നൽകുന്നതിന് തുക വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി വെയർ ഹൗസുകളും, കോൾഡ് സ്റ്റോറേജ് സംവിധാനവും ഒരുക്കുന്നുണ്ട്. ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങ ളിലും മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതി നായി ആവശ്യമായ തുക വകയിരുത്തിട്ടുണ്ട്.

അണ്ടർ സെക്രട്ടറി.